Page 1 of 2

(ഡി) പാക്കേജ് നടപ്പാക്കുന്നതിനുള്ള കാലാവധി നീട്ടിക്കിട്ടാൻ സർക്കാർ നടപടി സ്വീകരിച്ചിരുന്നുവോ ; ഇല്ലെങ്കിൽ, കാരണം വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഇടുക്കി പാക്കേജ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച ഇടുക്കി പാക്കേജിന്റെ ഒക്ടോബർ 2013 വരെയുള്ള സ്റ്റാറ്റസ് റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഇല്ല. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിക്കാനുള്ള കാലതാമസം നേരിടുന്നുണ്ട്.

(സി) ഇടുക്കി പാക്കേജിൻകീഴിൽ ഒക്ടോബർ 2013 വരെ നടപ്പിലാക്കിയ വിവിധ വകുപ്പുകളുടെ പദ്ധതിക്കായി 167.86 കോടി രൂപ ചെലവഴിച്ചു. ചെലവാക്കിയ തുകയുടെ ശതമാനം താഴെ ചേർക്കുന്നു :

| | രൂപ കോടിയിൽ | വിനിയോഗ ശതമാനം |
|---|---|---|
| എം.എസ്. സ്വാമിനാഥൻ അടങ്കൽ തുക | 764.32 | 21.96% |
| പദ്ധതികൾക്ക് അംഗീകാരം ലഭിച്ച തുക | 438.215 | 38.31% |
| റിലീസ് ചെയ്ത തുക | 237.78 | 70.59% |

(ഡി) 15-1-2014-ൽ കൂടിയ സംസ്ഥാന കാബിനറ്റ് യോഗം ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഈ ആവശ്യം ഉന്നയിച്ച് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച അവലോകനം

15 (*285) ശ്രീ. എം. എ. ബേബി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ഏതെങ്കിലും തരത്തിൽ പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിൽ സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇക്കാലയളവിൽ ഈ സംവിധാനങ്ങൾ മുഖേന നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തലത്തിലും ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിലും വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ, ചീഫ് സെക്രട്ടറി ഇവർ നടത്തുന്ന അവലോകന യോഗങ്ങളിലും വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച അവലോകനങ്ങൾ നടത്തി വരുന്നു. 15-1-2014-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലും അവലോകനം നടത്തിയിരുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ യാതൊരു സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നില്ല.

(സി & ഡി) മേൽ വിവരിച്ച അവലോകന സംവിധാനങ്ങൾ തന്നെയാണ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ. ഈ സംവിധാനങ്ങൾ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് യഥാസമയം മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കാനും അതുവഴി പദ്ധതി നിർവ്വഹണം സുഗമമാക്കാനും ശ്രമിച്ചുവരുന്നു.

### തരിശ് രഹിത കേരളം പദ്ധതി

16 (*286) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നെൽകൃഷി നടത്തുന്ന നിലങ്ങളുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള നിലങ്ങളുടെ വിസ്തൃതിയിൽ എത്ര ശതമാനം നിലങ്ങളിൽ കൃഷി നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിഭാവനം ചെയ്ത തരിശ് രഹിത കേരളം പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ ; വ്യക്തമാക്കാമോ ; ഈ സർക്കാർ വന്നതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly